(സി) മാനേജ്മെൻറും തൊഴിലാളികളും തമ്മിൽ ദീർഘകാല കരാർ ഇല്ലാതായിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ ദീർഘകാല കരാർ എന്നത്തേക്ക് ഉണ്ടാകുമെന്ന് പറയാമോ ?

ഉത്തരം

(എ, ബി) ചാലക്കുടി റിഫ്രാക്ടറീസിന്റെ പുനരുദ്ധാരണ പദ്ധതി 1990 ഒക്ടോബർ അവസാനത്തോടുകൂടി പൂർത്തിയായി ട്രയൽ റൺസ് എടുത്തുകൊണ്ടിരിക്കുകയാണ്.

(സി) കഴിഞ്ഞ ദീർഘകാല കരാർ 31-3-1983-ൽ അവസാനിച്ചു. 1986-ൽ കൂടിയാലോചനകളുടെ ഫലമായി 12½% വേതനവർദ്ധനവ് കൊടുക്കുവാൻ മാനേജ്മെൻറ് തയ്യാറായെങ്കിലും യൂണിയനുകൾ അതിനു സമ്മതിക്കാതെ കോടതിയിൽ പോയി. ട്രിബ്യൂണൽ 1-8-1987 മുതൽ 10% വർദ്ധനവ് അനുവദിച്ചു.

(ഡി) പുതിയ കരാറിന്റെ ചർച്ചകൾ അവസാനഘട്ടത്തിലെത്തിയിട്ടുണ്ട്. 1991 ഏപ്രിൽ മാസത്തിൽ കരാർ ഒപ്പുവയ്ക്കാമെന്ന് പ്രതീക്ഷിക്കുന്നു.

ട്രാവൻകൂർ ഷുഗേഴ്സിലെ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ

9. [2262] ശ്രീ. ഇസ്ഹാക് കുരിക്കൾ :
,, എം. ജെ. സഖറിയ :
,, സി. പി. കുഞ്ഞാലിക്കുട്ടികേയി :
,, പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ഷുഗേഴ്സിനു കരിമ്പിൽ നിന്നു എത്ര ശതമാനം റിക്കവറി നടത്തുവാൻ സാധിക്കുന്നുണ്ട് ;

(ബി) സാധാരണ റിക്കവറി എത്ര ശതമാനമാണ് ;

(സി) ഈ വകയിൽ എത്ര ടൺ കഴിഞ്ഞ സീസണിൽ നഷ്ടമായി ;

(ഡി) കരിമ്പിൻ നീരെടുക്കുന്ന യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) അറ്റകുറ്റ പണി സമയാസമയങ്ങളിൽ നടത്തുവാൻ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ജി) ഇവർക്കു ശമ്പളം വകയിൽ ഒരു മാസം എന്തു ചെലവ് വരും ?

ഉത്തരം

(എ) ട്രാവൻകൂർ ഷുഗേഴ്സിൽ കരിമ്പിൽ നിന്നു കഴിഞ്ഞ പത്തു വർഷമായി ഏകദേശം 7 ശതമാനം റിക്കവറി കിട്ടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരിമ്പിന്റെ ഇനം, കാലാവസ്ഥ, മണ്ണിന്റെ സ്വഭാവം, ജലസേചനം, കരിമ്പ് വെട്ടിയശേഷം കമ്പനിയിൽ കൊണ്ടുവരുവാൻ എടുക്കുന്ന സമയം, കരിമ്പാട്ടുന്നതിനുള്ള മില്ലുകളുടെ എണ്ണം എന്നിവയെ ആശ്രയിച്ചു കരിമ്പിന്റെ റിക്കവറി ഇൻഡ്യയിൽ 5.5 മുതൽ 12 ശതമാനം വരെ കിട്ടുന്നുണ്ട്. ട്രാവൻകൂർ ഷുഗേഴ്സിലെ യന്ത്രസാമഗ്രികൾ വളരെ പഴക്കം ചെന്നതായതുകൊണ്ടാണ് റിക്കവറി ശതമാനം കുറഞ്ഞിരിക്കുന്നത്.

(സി) ഈ വകയിൽ കഴിഞ്ഞ സീസണിൽ ഒന്നും നഷ്ടമായിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഫാറകുറപ്പണികൾ സമയാസമയങ്ങളിൽ നടത്തുവാൻ 150 പേരെ നിയമിച്ചിട്ടുണ്ട്.

(ജി) ശമ്പളം കൊടുക്കുവാൻ ഏകദേശം 2.25 ലക്ഷം രൂപ ഒരു മാസം ചെലവു വരും.

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാംബറി കൃഷി വികസിപ്പിക്കുന്നതിനു നടപടി

10. [2263] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ :
ഡോക്ടർ എ. വി. ഐസക് :
ശ്രീ. വി. കെ. രാജൻ :
ശ്രീമതി റോസമ്മ പുന്നൂസ് :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാംബറി കൃഷി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) എത്ര ഹെക്ടർ സ്ഥലത്തു ഈ കൃഷി വികസിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ഡി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ ഇപ്പോൾ തന്നെ മാംബറി കൃഷി നടന്നുവരുന്നുണ്ട്. ഇവ വിപുലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 216.5 ഏക്കർ സ്ഥലത്തു കൃഷി ആരംഭിച്ചിട്ടുണ്ട്.

(സി) 961 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

(ഡി) അനുബന്ധമായി കൊടുത്തിരിക്കുന്നു *

* അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly